**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1271** **18-01-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എം . ഉമ്മർ ,<br>ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ശ്രീ . ടി . എ . അഹമ്മദ് കബീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** | |
| (എ) | വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്ന പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ; | (എ) | വിദ്യാർത്ഥികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതിനായി 'സഹിതം' എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി കൈറ്റിന്റെ സഹായത്തോടെ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പ്രൈമറി അധ്യാപകർക്കായി അവധിക്കാലത്ത് നടന്ന ഓൺലൈൻ അധ്യാപക പരിശീലനത്തിലൂടെ ഇത് പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2016 മുതൽ 2020 വരെ പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിരന്തര വിലയിരുത്തൽ മെച്ചപ്പെടുത്തുന്നതിനുള്ള പഠനം എസ്.സി.ഇ.ആർ.ടി നടത്തിയിട്ടുണ്ട്. ഗവേഷണ പഠനങ്ങൾ വിദ്യാലയങ്ങളിൽ ട്രൈ ഔട്ട് നടത്തിയിട്ടുണ്ട്. |
| (സി) | പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ; പ്രസ്തുത റിപ്പോർട്ട് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (സി) | പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറില്ല. |
| (ഡി) | കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രൈമറി ക്ലാസുകളിൽ ആരംഭിച്ച 'സഹിതം' പദ്ധതി തുടർന്ന് സെക്കന്ററിയിലേക്ക് വ്യാപിപ്പിക്കുന്നതിനും ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കൃത്യമായ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് നിരന്തരം വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ